# കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു

സാക് പുന്നൻ

WFTW Malayalam 11 March 2012

www.jeevamozhikal.org

വെളിപ്പാട് 19: 5-7 വാക്യങ്ങളിൽ ഇങ്ങനെ വായിക്കുന്നു: "നമ്മുടെ ദൈവത്തിന്റെ ദാസന്മാരും ഭക്തന്മാരുമായി ചെറിയവരും വലിയവരും ആയുള്ളോരെ അവനെ വാഴ്ത്തുവിൻ എന്നൊരു ശബ്ദം സിംഹാസനത്തിൽനിന്നു പുറപ്പെട്ടു. അപ്പോൾ വലിയ പുരുഷാരത്തിന്റെ ഘോഷം പോലെയും പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയും തകർത്ത ഇടിമുഴക്കം പോലെയും ഞാൻ കേട്ടത്, "ഹല്ലെലൂയ്യ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു. നാം സന്തോഷിച്ച് ഉല്ലസിച്ച് അവനു മഹത്വം കൊടുക്കുക. കുഞ്ഞാടിന്റെ കല്ല്യാണം വന്നുവല്ലോ. അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു."

ശ്രദ്ധിക്കുക; ഇവിടെ കാന്തയെ ദൈവം ഒരുക്കിയെന്നല്ല പറയുന്നത്, "കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്. കർത്താവിന്റെ വരവിനായി നാം തന്നെത്താൻ ആണ് ഒരുങ്ങേണ്ടത്. "ദൈവം വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാമും വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" എന്നു പല വിശ്വാസികൾക്കും അറിയാം (1 യോഹ.1:7). എന്നാൽ ഇതു സത്യത്തിന്റെ ഒരു വശം മാത്രമാണ്. നാം സ്വയം ശുദ്ധീകരിക്കണമെന്നതാണ് സത്യത്തിന്റെ മറുവശം. അങ്ങനെയാണ് കാന്ത തന്നെത്താൻ ഒരുങ്ങുന്നത്. വെളിപ്പാട് 19: 8ൽ ഇങ്ങനെയും എഴുതിയിരിക്കുന്നു: "അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ലഭിച്ചിരിക്കുന്നു. ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെയാണ്."

ലഭിച്ചിരിക്കുന്നു എന്ന പ്രയോഗത്തിൽ നിന്ന് അത് ദൈവത്തിന്റെ ദാനമായിരുന്നു എന്നു വ്യക്തമാണ്. നമ്മെത്തന്നെ ശുദ്ധീകരിക്കുന്നതിനുള്ള ആഗ്രഹവും കഴിവും ദൈവത്തിന്റെ ദാനമാണ് എന്ന് ഇതു പഠിപ്പിക്കുന്നു. ദൈവമാണ് "ഇച്ഛിക്കുക എന്നതും പ്രവൃത്തിക്കുക എന്നതും നിങ്ങളിൽ തിരുവുള്ളമുണ്ടായി പ്രവർത്തിക്കുന്നത്." (ഫിലി.2 :13). അതിൽ എന്തെങ്കിലും പേരെടുക്കുവാനോ മറ്റു വിശ്വാസികളെക്കാൾ മെച്ചമാണെന്നു പ്രശംസിക്കുവാനോ കഴിയുകയില്ല. ദൈവികനായ ഒരു മനുഷ്യൻ താഴ്മയുള്ളവനും തന്നിലുള്ള എല്ലാ നന്മകൾക്കും ദൈവത്തിനു മഹത്വം കൊടുക്കുന്നവനുമാണ്. തന്റെ ജഡത്തിൽ ഒരു നന്മയും ഇല്ലെന്നും അവൻ അറിയുന്നു.

ഈ വസ്ത്രം ദൈവത്തിന്റെ ഒരു ദാനമാണെങ്കിൽ പിന്നെ എന്തുകൊണ്ടാണ് എല്ലാവർക്കും അതു ലഭിക്കാത്തത്? കാരണം ദൈവം ഒരിക്കലും തന്റെ വരങ്ങൾ ആർക്കും നിർബന്ധിച്ചു കൊടുക്കുന്നില്ല. അവിടുത്തെ വചനങ്ങളോടു പ്രതികരിക്കുന്നവർക്കു മാത്രമേ അവിടുത്തെ വരങ്ങൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

ഇവിടെ പറയുന്ന വിശേഷവസ്ത്രം യേശുക്രിസ്തുവിന്റെ നീതിയല്ല, എന്നാൽ അത് "വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ" ആണ്. നാം വീണ്ടും ജനിച്ച ഉടൻ യേശുക്രിസ്തുവിന്റെ നീതി നമ്മുടെ മേൽ ആയി എന്നുള്ളത് സത്യമാണ്. (റോമ.4:22-24; 1കൊരി.1:30). എന്നാൽ നമ്മോട് ഇങ്ങനെയും പറയുന്നു: "നമ്മിൽ (നമ്മുടെ ഉള്ളിൽ) ന്യായപ്രമാണത്തിന്റെ നീതി (അപ്പോൾ )നിവൃത്തിയാകേണ്ടതാണ്." (റോമ.8: 4). ഇതാണ് മണവാട്ടിയുടെ വസ്ത്രം "വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ". വെളിപ്പാട് 19: 8ൽ അതു വളരെ വ്യക്തമാണ്.

അവളുടെ നീതിപ്രവൃത്തികളാണ് അവളുടെ വസ്ത്രം. ദൈവികകൽപനകളെ ഗൗരവത്തോടെ ഏറ്റെടുത്ത് തന്നെത്താൻ ശുദ്ധീകരിക്കുക വഴിയാണ് അവൾക്ക് അതു ലഭിച്ചത്. "ഭയത്തോടും വിറയലോടും കൂടെ (ഫിലി.2 : 12) അവൾ തന്റെ രക്ഷ പ്രാവർത്തികമാക്കി. ഓരോ തവണയും അവൾ തന്റെ രക്ഷ പരിശുദ്ധാത്മശക്തിയാൽ ഭയത്തോടും വിറയലോടും കൂടെ പ്രായോഗികമാക്കുമ്പോഴും അവൾ തന്റെ വിവാഹവസ്ത്രത്തിന്റെ ഓരോ ഇഴ കൂടി തീർത്തുകൊണ്ടിരിക്കുകയാണ്. വർഷങ്ങൾ കൊണ്ട് അവൾ ഈ വസ്ത്രം പൂർണ

മായി നെയ്തു തീർക്കുന്നു.

"യേശുവിന്റെ രക്തം എന്നെ ശുദ്ധീകരിച്ചിരിക്കുന്നു. അതിനാൽ എനിക്കോരു കുഴപ്പവുമില്ല" ഇങ്ങനെ പറഞ്ഞ് അലസനായി ഇരിക്കുന്ന ഒരു ക്രിസ്ത്യാനിയെക്കുറിച്ച് എന്താണ് പറയുക? അങ്ങനെയുള്ള ക്രിസ്ത്യാനികളോടു ദൈവം പറയുന്നു: "ഞാൻ കള്ളനെപ്പോലെ വരും. തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിക്കുവാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ (വെളി.16:15).

ഒരു മണവാട്ടി നഗ്നയായി വിവാഹത്തിലേക്കു വരുന്നത് നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? വിവാഹവസ്ത്രം ഇല്ലാതെ തന്റെ ജനത്തെ നഗ്നരായി കാണാതിരിക്കുവാൻ ദൈവം മുന്നറിയിപ്പു നൽകുന്നു. സ്വന്തം നീതിപ്രവൃത്തികൾ ഇല്ലാത്തതിനാൽ വിവാഹദിവസം അവർക്കു വസ്ത്രം ലഭിക്കുകയില്ല.

ബാബിലോണിന്റെ ചതിയും അധർമ്മത്തിന്റെ മർമ്മവുമായി പല ക്രിസ്ത്യാനികളുടെ മേലും ബാധിച്ചിരിക്കുന്ന ചിന്ത ഇങ്ങനെയാണ്: ''യേശുവിന്റെ നീതിയുടെ വസ്ത്രം നിന്നെ ധരിപ്പിച്ചിരിക്കുന്നു. നീ എങ്ങനെ ജീവിക്കുന്നു എന്നത് പിന്നെ ഒരു പ്രശ്നമല്ലാത്തതിനാൽ ഒന്നും പേടിക്കേണ്ട." പ്രവൃത്തി കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണെന്നു യാക്കോബ് വളരെ വ്യക്തമായി പറയുന്നുണ്ട്.എന്നാൽ ഈ മുന്നറിയിപ്പുകൾ ഗൗരവമായി എടുക്കുന്നതിൽനിന്നു പല വിശ്വാസികളെയും ബാബിലോൺ തടഞ്ഞിരിക്കുന്നു.

ദൈവത്തിന്റെ ദൃഷ്ടിയിൽ കറ പുരണ്ട തുണിപോലെ (യെശ.64:6) ഇരിക്കുന്ന നമ്മുടെ സ്വന്ത നീതിയും നാൾതോറും ക്രൂശെടുത്ത് പരിശുദ്ധാത്മശക്തിയാൽ യേശുവിന്റെ കാൽചുവടുകളിൽ നടക്കുമ്പോൾ നമ്മിലുള്ള നീതിപ്രവൃത്തിയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. രണ്ടാമത് പറഞ്ഞതാണ് മണവാട്ടിയുടെ വസ്ത്രം.

നാം ദൈവത്തിങ്കലേക്ക് ആദ്യം വന്നപ്പോൾ നമ്മിൽ ഉണ്ടായിരുന്നത് നമ്മുടെ സ്വയനീതിയുടെയും പാപത്തിന്റെയും കറ പുരണ്ട തുണികളായിരുന്നു. എന്നാൽ നാം വീണ്ടും ജനിച്ചപ്പോൾ ദൈവം ആദ്യം തന്നെ യേശുക്രിസ്തുവിന്റെ നീതിയാൽ നമ്മെ നീതികരിച്ചു. (റോമ.3:24; 4:5). പിന്നീട് അവിടുത്തെ നിയമങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ എഴുതി.(എബ്രാ.8:10). അങ്ങനെ ന്യായപ്രമാണത്തിന്റെ നീതി നമ്മുടെ ഹൃദയങ്ങളിൽ തികയ്ക്കുന്നു. ഇതിന്റെ ഫലമായി ഈ നീതി പുറത്തേക്കു വന്ന് നമ്മെ ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപരാക്കുന്നു.

മണവാട്ടിയുടെ വസ്ത്രം ശുദ്ധവും വെണ്മയുമുള്ളതാണ്. അവളുടെ ലാളിത്യമുള്ള വസ്ത്രവും വേശ്യയുടെ നിറപ്പകിട്ടുള്ള കടുഞ്ചുവപ്പു വസ്ത്രങ്ങളും സ്വർണാഭരണങ്ങളും തമ്മിൽ എത്ര വൈരുദ്ധ്യങ്ങളാണുള്ളത്. 45-ാം സങ്കീർത്തനത്തിൽ നമ്മുടെ മണവാളനായ കർത്താവിനെക്കുറിച്ച് ഇങ്ങനെ വായിക്കുന്നു: "നീതിയെ ഇഷ്ടപ്പെട്ട് ദുഷ്ടതയെ ദ്വേഷിക്കുന്നവൻ (ഏഴാം വാക്യം). മണവാട്ടിയെ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു: "അന്തപ്പുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു. അവൾക്കു സൗമ്യതയും സാവധാനതയുമായ മനസ്സുണ്ട്(1 പത്രോ.3:4). അത് അവളുടെ ഈ വിശേഷ വസ്ത്രത്തോട് ചേർന്നു കിടക്കുന്നതാണ്. അവരെ രാജസന്നിധിയിൽ കൊണ്ടുവരും (14-ാം വാക്യം). വെളിപ്പാട് 19:8 ലാണ് ഇത് നിവൃത്തിയാകുന്നത്.

മൊഴിമാറ്റം: സാജു ജോസഫ്.